പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ റോഡുകളുടെ നിർമ്മാണത്തിന് സമർപ്പിച്ച അപേക്ഷകൾ

175(467) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ റോഡുകളുടെ നിർമ്മാണത്തിന് സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ.

(ബി) അനുവദിച്ച റോഡുകളുടെ വിശദവിവരവും അവ നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണവും വിശദമാക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുട്ടനാട് മേഖലയിൽനിന്നും പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട ജനപ്രതിനിധികൾ നൽകിയ റോഡുകൾ, പദ്ധതി മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) കുട്ടനാട് നിയോജകമണ്ഡലത്തിൽ 2007-2009 കാലയളവിൽ ഏറ്റെടുത്ത റോഡുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ 2008-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ നിരക്കുകൾ 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുതുക്കിയ നിരക്കിൽ കേന്ദ്രസർക്കാരിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം

176(468) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ എത്ര ശതമാനം നാളിതുവരെ വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ എത്ര തുക നാളിതുവരെ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി വിഹിതം മുൻകൂട്ടി പഞ്ചായത്തുകൾക്ക് നൽകി കാര്യക്ഷമമായും ഫലപ്രദമായും ആയത് പൂർണ്ണതോതിൽ വിനിയോഗിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾ - 32.75%
ബ്ലോക്ക് പഞ്ചായത്തുകൾ - 31.48%
ജില്ലാ പഞ്ചായത്തുകൾ - 30.01%

(ബി) ത്രിതല പഞ്ചായത്തുകൾക്ക് 2010 നവംബർ 30 വരെ പദ്ധതി വിഹിതമായി നൽകിയ തുക ചുവടെ ചേർക്കുന്നു:

ഗ്രാമപഞ്ചായത്തുകൾ - 789,94,15,300
ബ്ലോക്ക് പഞ്ചായത്തുകൾ - 174,14,61,000
ജില്ലാ പഞ്ചായത്തുകൾ - 204,48,39,300

(സി) പദ്ധതി രൂപീകരണം കാലതാമസം കൂടാതെ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച സമയ ക്രമങ്ങൾ നിശ്ചയിച്ചു നൽകുകയും ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

177(469) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വർഷമവസാനിക്കാൻ മാസങ്ങൾ മാത്രം ബാക്കി നിൽക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിന്റെ ഗണ്യമായ ഭാഗം ഇനിയും ചെലവഴിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനകം പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല സൗകര്യ വികസന ഫണ്ട്, എ.ഡി.ബി. സഹായത്തോടെ നടപ്പാക്കുന്ന സുസ്ഥിര നഗര വികസന പദ്ധതി എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ലഭിച്ച തുകയും ചെലവഴിച്ചതും എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന പ്ലാൻ ഫണ്ടിന്റെ മൂന്നിലൊന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചെങ്കിലും ഒരു വർഷവും 22 ശതമാനത്തിൽ കൂടുതൽ ഫണ്ട് നൽകിയിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly